LIBRARY ARCHIVES Kerala Legislative Assembly

സംയുക്ത പരിശോധന പൂർത്തിയാക്കിയ വില്ലേജുകളിലെ കർഷകർക്ക് കൈവശാവകാശരേഖ നൽകുന്നതിന് നടപടി

131 (3878) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് സംയുക്ത പരിശോധന പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) സംയുക്ത പരിശോധന പൂർത്തിയാക്കിയ ഏതെല്ലാം വില്ലേജുകളിലാണ് ഇനിയും സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തിയാക്കിയ വില്ലേജുകളിലെ കർഷകർക്ക് കൈവശാവകാശ രേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തുക്കെപ്പെറ്റ, വെള്ളരിമല, മുപ്പൈനാട് എന്നീ വില്ലേജുകളിലാണ് സംയുക്ത പരിശോധന പൂർത്തിയാക്കിയത്.

(ബി) മേൽപ്പറഞ്ഞ വില്ലേജുകളിൽ സർവ്വേ ജോലികൾ പൂർത്തീകരിച്ചു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

ആദിവാസി ഭൂമിയിലെ അനധികൃത ക്വാറി

132 (3879) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യേറിയ ആദിവാസി ഭൂമിയിലുള്ള ഊരുകളിൽ ബിനാമി പേരിൽ കരിങ്കൽ ക്വാറി നടത്തുന്നുണ്ടെന്ന എത്ര പരാതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പരവൂർ വില്ലേജ് ഓഫീസിൽ പി.റ്റി.എസ്. തസ്തിക സൃഷ്ടിക്കൽ

133 (3880) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ വില്ലേജ് ഓഫീസിൽ നിലവിൽ സ്വീപ്പറായി ജോലി നോക്കുന്ന ശ്രീമതി സീത എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചതെന്നും ഇവരുടെ ഇപ്പോഴത്തെ തസ്തിക ഏതെന്നും അറിയിക്കുമോ ;